**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടായ വ്യാജ വാർത്തകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തുണ്ടാകുന്ന വിവിധ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനുമായി ദേശീയ ദുരന്ത പ്രതിരോധ നിധിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാണോ; വ്യക്തമാക്കുമോ; | (എ) | രാജ്യത്ത് ദുരന്തപ്രതികരണ, ദുരിതാശ്വാസ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്റ്റാറ്റ്യൂട്ടറി അധികാരത്തോടെയുള്ള ഏക സാമ്പത്തിക സ്രോതസ്സ് ദേശീയ-സംസ്ഥാന ദുരന്തപ്രതികരണ നിധി(NDRF/SDRF)യാണ്.<br><br>പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ദേശീയ ദുരന്ത പ്രതികരണനിധി/ സംസ്ഥാന ദുരന്ത പ്രതികരണനിധി എന്നിവയുടെ മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. 18.06.2023 ലെ സഉ(കൈ)നം.6/2023/ഡിഎംഡി പ്രകാരമുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ പുതുക്കിയ മാനദണ്ഡങ്ങൾ 2022-2023 മുതൽ 2025-26 വരെയുള്ള കാലയളവിൽ ബാധകമാണ്.<br><br>വയനാടിലുണ്ടായതുപോലുള്ള ഏതൊരു ദുരന്ത സാഹചര്യത്തിലും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ (SDRF) നിന്ന് ധനസഹായം അനുവദിക്കുന്നതിന് ഉൾപ്പെടുത്തിയിട്ടില്ലാത്ത മേഖലകളിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്കൂടി കേന്ദ്രസഹായം അനുവദിക്കേണ്ടതുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന പലവ്യവസ്ഥകളും ദുരന്തത്തിലെ നഷ്ടവ്യാപ്തി കണക്കാക്കാൻ കഴിയാത്തവയാണ്. കേരളം പോലുള്ള സംസ്ഥാനങ്ങളുടെ പ്രാദേശിക സവിശേഷതകളും, ജീവിതനിലവാരവും കൂടി പരിഗണിച്ച് മാനദണ്ഡങ്ങൾ പരിഷ്കരിച്ചാൽ മാത്രമേ മാതൃകാപരമായ ദുരിതാശ്വാസവും, പുനരധിവാസവും സാധ്യമാവുകയുള്ളൂ.<br><br>പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള ശിപാർശ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട് . |
| (ബി) | നിലവിലെ മാനദണ്ഡ പ്രകാരവും വയനാടിന്റെ പുനരുദ്ധാരണത്തിന് വിശദമായ നിവേദനം നൽകണമെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കി നൽകിയ നിവേദനത്തെ സംബന്ധിച്ച് ചില മാധ്യമങ്ങൾ നടത്തിയ വ്യാജവും വസ്തുതാവിരുദ്ധവുമായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ദുരന്ത നിവാരണ നിയമം 2005 പ്രകാരം ദുരന്തം നേരിടുന്ന സമയത്ത് വ്യാജ വാർത്തകൾ മനപൂർവ്വം സൃഷ്ടിക്കുന്നത് ശിക്ഷാർഹമായ കുറ്റകൃത്യമാണ്.<br><br>ഏറ്റവും ദാരുണമായ ദുരന്തങ്ങളിലൊന്നാണ് വയനാട് മേപ്പാടി പഞ്ചായത്തിലുണ്ടായത്. സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങളും താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി. ഒരുതരത്തിലുമുള്ള ആക്ഷേപങ്ങൾക്കും ഇടനൽകാതെയാണ് ഈ പ്രവർത്തനങ്ങളെല്ലാം നടന്നത്. എല്ലാവരുടെയും സഹകരണവും പിന്തുണയുമുണ്ടായി. അത് തകർക്കുക എന്ന ലക്ഷ്യത്തോടെ പുറത്തുവന്ന വ്യാജവാർത്തകൾ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈയ്യയച്ച് സംഭാവന നൽകുന്ന സാധാരണ ജനങ്ങളെ അതിൽ നിന്നും പിന്തിരിപ്പിക്കുക എന്ന ദുഷ്ടലാക്കോടു കൂടിയുള്ളതായിരുന്നു. തെറ്റായ വാർത്തയെന്ന് തിരിച്ചറിഞ്ഞ് ചില മാധ്യമങ്ങൾ അത് തിരുത്തുവാൻ തയ്യാറായി. ഇത്തരം വിവാദങ്ങൾ വഴി ദുരന്തത്തിനിരയായ മനുഷ്യരാണ് യഥാർത്ഥത്തിൽ ദ്രോഹിക്കപ്പെട്ടത്.<br><br>നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പരമാവധി സഹായം ലഭിക്കാൻ തയ്യാറാക്കി നൽകിയ മെമ്മോറാണ്ടമാണ് ഇത്തരത്തിൽ വ്യാജ വാർത്ത വഴി വിചാരണ ചെയ്യപ്പെട്ടത്.<br><br>ജനങ്ങളുടെ അതിജീവനപ്പോരാട്ടങ്ങളെ തുരങ്കം വയ്ക്കുന്ന തരത്തിലുള്ള ഇത്തരം വാർത്തകൾ നൽകുന്നതിൽ നിന്നും വിട്ടുനിൽക്കണമെന്ന് മാധ്യമങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത്തരം വ്യാജവാർത്തകളോടുള്ള സമീപനം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ദുരന്ത നിവാരണ നിയമം 2005 പ്രകാരം ദുരന്തം നേരിടുന്ന സമയത്ത് വ്യാജ വാർത്തകൾ മനപൂർവ്വം സൃഷ്ടിക്കുന്നത് ശിക്ഷാർഹമായ കുറ്റകൃത്യമാണ്.<br><br>ഏറ്റവും ദാരുണമായ ദുരന്തങ്ങളിലൊന്നാണ് വയനാട് മേപ്പാടി പഞ്ചായത്തിലുണ്ടായത്. സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങളും താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി. ഒരുതരത്തിലുമുള്ള ആക്ഷേപങ്ങൾക്കും ഇടനൽകാതെയാണ് ഈ പ്രവർത്തനങ്ങളെല്ലാം |

| | | | |
|---|---|---|---|
| | | | നടന്നത്. എല്ലാവരുടെയും സഹകരണവും പിന്തുണയുമുണ്ടായി. അത് തകർക്കുക എന്ന ലക്ഷ്യത്തോടെ പുറത്തുവന്ന വ്യാജവാർത്തകൾ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈയ്യയച്ച് സംഭാവന നൽകുന്ന സാധാരണ ജനങ്ങളെ അതിൽ നിന്നും പിന്തിരിപ്പിക്കുക എന്ന ദുഷ്ടലാക്കോടു കൂടിയുള്ളതായിരുന്നു. തെറ്റായ വാർത്തയെന്ന് തിരിച്ചറിഞ്ഞ് ചില മാധ്യമങ്ങൾ അത് തിരുത്തുവാൻ തയ്യാറായി. ഇത്തരം വിവാദങ്ങൾ വഴി ദുരന്തത്തിനിരയായ മനുഷ്യരാണ് യഥാർത്ഥത്തിൽ ദ്രോഹിക്കപ്പെട്ടത്.<br><br>നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പരമാവധി സഹായം ലഭിക്കാൻ തയ്യാറാക്കി നൽകിയ മെമ്മോറാണ്ടമാണ് ഇത്തരത്തിൽ വ്യാജ വാർത്ത വഴി വിചാരണ ചെയ്യപ്പെട്ടത്.<br><br>ജനങ്ങളുടെ അതിജീവനപ്പോരാട്ടങ്ങളെ തുരങ്കം വയ്ക്കുന്ന തരത്തിലുള്ള ഇത്തരം വാർത്തകൾ നൽകുന്നതിൽ നിന്നും വിട്ടുനിൽക്കണമെന്ന് മാധ്യമങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം തെറ്റായ വാർത്തകൾ സൃഷ്ടിക്കുന്ന കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ദുരന്ത നിവാരണ നിയമം 2005 പ്രകാരം ദുരന്തം നേരിടുന്ന സമയത്ത് വ്യാജ വാർത്തകൾ മനപൂർവ്വം സൃഷ്ടിക്കുന്നത് ശിക്ഷാർഹമായ കുറ്റകൃത്യമാണ്.<br><br>ഏറ്റവും ദാരുണമായ ദുരന്തങ്ങളിലൊന്നാണ് വയനാട് മേപ്പാടി പഞ്ചായത്തിലുണ്ടായത്. സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങളും താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി. ഒരുതരത്തിലുമുള്ള ആക്ഷേപങ്ങൾക്കും ഇടനൽകാതെയാണ് ഈ പ്രവർത്തനങ്ങളെല്ലാം നടന്നത്. എല്ലാവരുടെയും സഹകരണവും പിന്തുണയുമുണ്ടായി. അത് തകർക്കുക എന്ന ലക്ഷ്യത്തോടെ പുറത്തുവന്ന വ്യാജവാർത്തകൾ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈയ്യയച്ച് സംഭാവന നൽകുന്ന സാധാരണ ജനങ്ങളെ അതിൽ നിന്നും പിന്തിരിപ്പിക്കുക എന്ന ദുഷ്ടലാക്കോടു കൂടിയുള്ളതായിരുന്നു. തെറ്റായ വാർത്തയെന്ന് തിരിച്ചറിഞ്ഞ് ചില മാധ്യമങ്ങൾ അത് തിരുത്തുവാൻ തയ്യാറായി. ഇത്തരം വിവാദങ്ങൾ വഴി ദുരന്തത്തിനിരയായ മനുഷ്യരാണ് യഥാർത്ഥത്തിൽ ദ്രോഹിക്കപ്പെട്ടത്.<br><br>നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പരമാവധി സഹായം |

| | | | |
|---|---|---|---|
| | | | ലഭിക്കാൻ തയ്യാറാക്കി നൽകിയ മെമ്മോറാണ്ടമാണ് ഇത്തരത്തിൽ വ്യാജ വാർത്ത വഴി വിചാരണ ചെയ്യപ്പെട്ടത്.<br><br>ജനങ്ങളുടെ അതിജീവനപ്പോരാട്ടങ്ങളെ തുരങ്കം വയ്ക്കുന്ന തരത്തിലുള്ള ഇത്തരം വാർത്തകൾ നൽകുന്നതിൽ നിന്നും വിട്ടുനിൽക്കണമെന്ന് മാധ്യമങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ